(സി) കേന്ദ്ര സഹായം ഒന്നുംതന്നെ ഇപ്പോൾ ലഭിക്കുന്നില്ല.

(ഡി) ഇതിനായി മണിക്കൂറിൽ 2000 മുതൽ 10000 ലിറ്റർ വരെ കുടിവെള്ളം ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ള ചെറുകിട റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ലവണാംശം അധികമായ ജലം റിവേഴ്സ് ഓസ്മോസിസ് സാങ്കേതികവിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ച് കുടിവെള്ളമായി നൽകുകയാണ് ലക്ഷ്യം.

ചെക്ക് ഡാമുകളുടെ നിർമ്മാണം

148 (3582) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ ചെക്ക് ഡാമുകൾ പണിയുവാൻ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെ ; ഇതിന്റെ ചെലവ് എത്ര ; ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ പണി പൂർത്തീകരിച്ച ചെക്ക് ഡാമുകൾ ഏതൊക്കെ ;

(സി) ഇപ്പോൾ പണി നടക്കുന്ന ചെക്ക് ഡാമുകൾ ഏതൊക്കെയെന്നും പേരു സഹിതം വിവരിക്കുമോ ;

(ഡി) ചെക്ക് ഡാമുകളുടെ പണിയ്ക്കായി 2011 മുതൽ സർക്കാർ അനുവദിച്ച തുകയുടെ വിശദാംശം ഓരോ കൊല്ലവും എത്രവീതമെന്ന് വിവരിക്കുമോ ;

(ഇ) ഏറ്റവും കൂടുതൽ ചെക്ക് ഡാം ഉള്ള ജില്ല ഏതാണ് ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ജലസേചന വകുപ്പിൽ ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

149 (3583) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചന വകുപ്പിൽ നിന്നും അതത് ജില്ലകൾക്ക് ലഭിക്കാനുള്ള ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര വേക്കൻസികൾ ഇനിയും പി.എസ്.സി.-ക്ക് നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജലസേചനവകുപ്പിൽ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകളിൽ നിലവിൽ ജീവനക്കാർ ജോലിചെയ്യുവരുന്നു. ഈ ജീവനക്കാർ അവരവരുടെ ജില്ലകളിലേയ്ക്ക് സ്ഥലം മാറിപ്പോയാൽ മാത്രമേ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ.

(ബി) നിലവിൽ ജലസേചനവകുപ്പിൽ ഹെഡ്ക്വാർട്ടേഴ്സ് തസ്തികകളിൽ ഒഴിവുകളില്ല.

ജലനിധി രണ്ടാം ഘട്ടം

150 (3584) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനിധി രണ്ടാംഘട്ട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. 1022 കോടി രൂപ മുതൽമുടക്കി 2012-17 കാലയളവിൽ ഗ്രാമപഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ഒരുക്കുന്ന രണ്ടാംഘട്ട ജലനിധി പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി എന്നീ 8 ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പിലാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly